

TUESDAY 22/10/2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**


Chief Editor: Nizam S A Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/10/2024

1. കാർഷിക സർവ്വകലാശാല വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ പച്ചക്കറി വിത്തുകളായ ചീര - (അരുൺ), പാവൽ - (പ്രീതി), വഴുതന - (ഹരിത, സൂര്യ), പയർ - (ലോല, ഗീതിക, ഭാഗ്യലക്ഷ്മി,കാശികാഞ്ചൻ), മുളക് - (ഉജ്ജ്വല), തണ്ണിമത്തൻ - ഷോണിമ, സ്വർണ്ണ) എന്നിവ ലഭ്യമാണ്. കൂടാതെ പച്ചക്കറി തൈകൾ (മുളക്, വഴുതന, തക്കാളി), ഗ്രാഫ്റ്റഡ് പച്ചക്കറി തൈകൾ (മുളക്, തക്കാളി), എന്നിവയും വിൽപ്പനക്കുണ്ട്. വില്പന സമയം രാവിലെ 9:00 മണി മുതൽ വൈകിട്ട് 4 മണി വരെ വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന ഫോൺ നമ്പറിൽ വിളിക്കാവുന്നതാണ്.

2. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. 2024-25 അധ്യയന വർഷത്തിൽ എട്ട്, ഒമ്പത്, പത്ത്, പ്ലസ് വൺ ക്ലാസുകൾ മുതൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, കോച്ചിങ്ങ് ഉൾപ്പെടെ പഠിക്കുന്നവർക്ക് അപേക്ഷിക്കാം. മുൻ അധ്യയന വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർ ആനുകൂല്യം പുതുക്കുന്നതിന് അപേക്ഷ ഓൺലൈനായി സമർപ്പിക്കണം. അപേക്ഷകൻ ജോലി ചെയ്യുന്ന സ്ഥാപന ഉടമയുടെ സാക്ഷ്യപത്രം എന്നിവയുടെ മാതൃക വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് സാക്ഷ്യപ്പെടുത്തിയ ശേഷം അപേക്ഷ സമർപ്പിക്കണം. www.labourwelfarefund.in വെബ്സൈറ്റ് മുഖേന നവംബർ 25നകം അപേക്ഷ സമർപ്പിക്കണം.

### പരിശീലന പരിപാടി

3. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ട്രെയിനിങ് സർവീസ് സ്കീം ഒക്ടോബർ 26 ശനിയാഴ്ച ഓർക്കിഡ്-ആന്തൂറിയം കൃഷി എന്ന വിഷയത്തിലും, ഒക്ടോബർ 29

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചൊവ്വാഴ്ച ശാസ്ത്രീയ പച്ചക്കറി കൃഷി എന്ന വിഷയത്തിലും ഏകദിന പരിശീലനങ്ങൾ നൽകുന്നു. രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെയാണ് ക്ലാസുകൾ. 500 രൂപയാണ് ഒരു ദിവസത്തെ ഫീസ്. ഒരാൾക്ക് തന്നെ രണ്ട് പരിശീലന പരിപാടികളിലും പങ്കെടുക്കാവുന്നതാണ്. ഓരോന്നിലും ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളു. രജിസ്റ്റർ ചെയ്യാനും, കൂടുതൽ വിവരങ്ങൾക്കും 88915 40778 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയത്ത് വിളിക്കുകയോ വാട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

4. കേരള കാർഷിക സർവകലാശാല വെള്ളായണി കാർഷിക കോളേജ് ട്രെയിനിങ് സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ 22.10.2024 ന് രാവിലെ 10 മണി മുതൽ 5 മണി വരെ ''കൂൺ കൃഷി'' എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 500/ രൂപ. താല്പര്യമുള്ളവർ 8891540778 എന്ന ഫോൺ നമ്പറിൽ വിളിക്കുക.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും 2024 ഒക്ടോബർ 28 മുതൽ നവംബർ 15 വരെ 15 പ്രവർത്തി ദിവസങ്ങളിൽ നഴ്സറി ടെക്നിക്സ് എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പഴവർഗ്ഗ ചെടികളിലെ ഗ്രാഫ്റ്റിങ്, ബഡ്ഡിങ്, ലയറിങ്, പച്ചക്കറി തൈ ഉത്പാദനം,പച്ചക്കറി ഗ്രാഫ്റ്റിങ്, തെങ്ങിൻ തൈ ഉത്പാദനം, അലങ്കാര ചെടികളുടെയും കിഴങ്ങു വർഗ ചെടികളുടെയും നടീൽ വസ്തുക്കളുടെ ഉത്പാദനം, ഒരു ചെടിയിൽ തന്നെ വിവിധ ഇനങ്ങൾ ഒട്ടിച്ചു ചേർക്കൽ, രോഗ കീട നിയന്ത്രണം, കീടനാശിനികളുടെ സുരക്ഷിത ഉപയോഗം, തൈ ഉല്പാദനത്തിൽ മിത്ര സൂക്ഷ്മാണുക്കളുടെ ഉപയോഗം, ജലസേചന മാർഗങ്ങൾ എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ലഭിക്കുന്നതാണ്. 20 പേർക്കാണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അവസരം. പരിശീലന ഫീസ് 4000 രൂപ. താല്പര്യമുള്ളവർ 9895487537, 8547708580 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

6. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ ഒക്ടോബർ 23, 24 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9388834424/9446453247 എന്നീ നമ്പരുകളിൽ വിളിക്കുകയോ അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുകയോ ചെയ്യുക.

7. കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെൻററിൽ **'സസ്യ പ്രജനന രീതികൾ -ബഡ്ഡിങ്, ഗ്രാഫ്റ്റിങ്, ലെയറിങ്'** എന്ന വിഷയത്തിൽ ഒക്ടോബർ 25, 26 ദിവസങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. 1100/ രൂപയാണ് ഫീസ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ രാവിലെ 10 മുതൽ 5 വരെയുള്ള സമയങ്ങളിൽ 0487-2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

8. റബ്ബറിന് വളമിടുന്നതിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് ഓൺലൈൻ പരിശീലനം നടത്തുന്നു. ഇന്ന് 2024 ഒക്ടോബർ 22 -ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺനമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇമെയിൽ training@rubberboard.org.in

9. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ മാസം 23, 24 തീയതികളിൽ **പശുവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവൃത്തി ദിവസങ്ങളിൽ 0471-2732918 എന്ന ഫോൺ നമ്പരിൽ വിളിക്കാവുന്നതാണ്.